(സി) ഹിന്ദി സീനിയർ തസ്തികയിലെ നിലവിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല. സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്രൊബേഷൻ പൂർത്തീകരിച്ച് പ്രൊമോഷന് യോഗ്യരായ ജൂനിയർ അദ്ധ്യാപകർ നിലവിലുള്ളതിനാൽ ഹിന്ദി സീനിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ തസ്തികമാറ്റ നിയമനം നൽകുന്നതിനുവേണ്ടി നീക്കിവച്ചിരിക്കുകയാണ്.

എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലെ നിയമനം

59 (1079) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ ഏത് രീതിയിൽ നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾക്ക് ആനുപാതികമായി ജൂനിയർ തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തുമോ ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവുകൾ തസ്തികമാറ്റംവഴിയുള്ള നിയമനത്തിനും ബാധകമാണോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

എച്ച്.എസ്.എസ്.റ്റി. മാരുടെ പൊതു സ്ഥലമാറ്റം

60 (1080) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.റ്റി.-മാർക്ക് പൊതു സ്ഥലമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; ആയത് അംഗീകരിച്ചിട്ടുണ്ടോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡപ്രകാരം എച്ച്.എസ്.എസ്.റ്റി.-മാരുടെ 2015 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly